"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ്-അഡ്വക്കേറ്റ് ജനറൽ കാര്യാലയം, എറണാകുളം - അഡ്വക്കേറ്റ് ജനറലിന് പുതിയ ടെയോട്ട ഇന്നോവ ക്രിസ്റ്റ ജി പ്ലസ് പാക്കേജ് 7 സീറ്റർ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(സാധാ) നം.667/2022/LAW തീയതി,തിരുവനന്തപുരം, 13-06-2022

പരാമർശം:- അഡ്വക്കേറ്റ് ജനറലിന്റെ 10.03.2022 തീയതിയിലെ PRS-1/8722/2022 നമ്പർ കത്ത്.

**ഉത്തരവ്**

അഡ്വക്കേറ്റ് ജനറലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന KL-07-CK-1509 (Toyota Altis) നമ്പർ കാർ 2017-ഏപ്രിൽ മാസം വാങ്ങിയിട്ടുള്ളതാണെന്നും 01-03-2022-ൽ 86552 കി.മി. ദൂരം പിന്നിട്ട പ്രസ്തുത വാഹനം തുടർച്ചയായ ദീർഘദൂര യാത്രകൾക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാൽ, പ്രസ്തുത വാഹനം മാറ്റി പുതിയ ടെയോട്ട ഇന്നോവ ക്രിസ്റ്റ ജി പ്ലസ് പാക്കേജ് 7 സീറ്റർ വാഹനം വാങ്ങുന്നതിന് 16,18,630/-രൂപ (പതിനാറ് ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) ചെലവാകുമെന്ന് M/s.Toyota Kirloskar Motor Private Limited 7/3/2022 തീയതിയിലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ, നിലവിലെ ഔദ്യോഗിക വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനാവശ്യമായ ഭരണ, ധനകാര്യ അനുമതികൾ ലഭ്യമാക്കി ടി തുകയായ 16,18,630/- രൂപ '2014-00-114-99-21-01-purchase of vehicles' എന്ന ശീർഷകത്തിൽ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്നും അഡ്വക്കേറ്റ് ജനറൽ 10-03-2022 തീയതിയിലെ PRS-1/8722/2022 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അഡ്വക്കേറ്റ് ജനറലിന്റെ നിലവിലെ ഔദ്യോഗിക വാഹനത്തിനു പകരം പുതിയ ടെയോട്ട ഇന്നോവ ക്രിസ്റ്റ ജി പ്ലസ് പാക്കേജ് 7 സീറ്റർ വാഹനം M/s.Toyota Kirloskar Motor Private Limited ൽ നിന്നും 16,18,630/-രൂപ (പതിനാറ് ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) ചെലവിൽ GEM വഴി ബഡ്ജറ്റ് വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത തുക 2014-00-114-99-21-01-NV എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി ഹരി നായർ
നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം.

2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. പൊതു ഭരണ (എസ്.സി) വകുപ്പ് (08.06.2022 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനം ഇനം. നമ്പർ 809)
6. ബഹു. നിയമ സെക്രട്ടറിയുടെ പി.എ.
7. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
8. അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ, നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്.
9. ധനകാര്യ (വ്യയം-എ) വകുപ്പിന്. (EXP- A4/143/2022-FIN dated 13.06.2022)
10. ജില്ലാ/സബ് ട്രഷറി ഓഫീസർ, എറണാകുളം.
11. നിയമ (നോഡൽ) വകുപ്പ്.
12. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
13. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Asha Padmini**
**Date: 13-06-2022 17:12:56**
സെക്ഷൻ ഓഫീസർ

- 37 -

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-06-2022

38) ഫയൽ നം. 4831/ഇൻസ്പെ.4/2022/നിയമം.                ഇനം നം: 809

വിഷയം : നിയമ വകുപ്പ് - അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. ഗോപാലകൃഷ്ണ കുറുപ്പിന്റെ നിലവിലെ ഔദ്യോഗിക വാഹനത്തിന് പകരം പുതിയ Toyota Innova Crysta 16,18,630/- (പതിനാറു ലക്ഷത്തി പതിനെണ്ണായിരത്തി അറുനൂറ്റി മുപ്പതു രൂപ മാത്രം) M/s. Toyota Kirloskar Motor Pvt. Ltd.-ൽ നിന്നും വാങ്ങുന്നതിനായി അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

809

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.4831/ഇൻസ്പെ.4/2022/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | അഡ്വക്കേറ്റ് ജനറൽ ശ്രീ.കെ.ഗോപാലകൃഷ്ണ കുറുപ്പിന്റെ നിലവിലെ ഔദ്യോഗിക വാഹനത്തിന് പകരം പുതിയ Toyota Innova Crysta 16,18,630/- (പതിനാറു ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി മുപ്പതു രൂപ മാത്രം) M/s Toyota Kirloskar Motor Pvt. Ltd -ൽ നിന്നും വാങ്ങുന്നതിനായി അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 03-06-2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി.എസ്. ജയകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി.ഹരി നായർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/06/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/06/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/06/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/06/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

37) അഡ്വക്കേറ്റ് ജനറൽ ശ്രീ.കെ.ഗോപാലകൃഷ്ണ കുറുപ്പിന് നിലവിലെ ഔദ്യോഗിക വാഹനം മാറ്റി പുതിയവാഹനം വാങ്ങുന്നതിനായി ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. അഡ്വക്കേറ്റ് ജനറൽ ഔദ്യോഗികാവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന KL-07-CK-1509 (Toyota Altis) നമ്പർ കാർ 2017-ഏപ്രിൽ മാസം വാങ്ങിയിട്ടുള്ളതാണെന്നും 01-03-2022-ൽ 86552 കി.മീ. ദൂരം പിന്നിട്ട പ്രസ്തുത വാഹനം തുടർച്ചയായ ദീർഘദൂര യാത്രകൾക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാൽ, പുതിയ Toyota Innova Crysta G Plus Package 7 Seater വാഹനം വാങ്ങുന്നതിന് 16,18,630/-രൂപ (പതിനാറ് ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) ചെലവാകുമെന്ന് M/s.Toyota Kirloskar Motor Private Limited 7/3/2022 തീയതിയിലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ, നിലവിലെ ഔദ്യോഗിക വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനാവശ്യമായ ഭരണ, ധനകാര്യ അനുമതികൾ ലഭ്യമാക്കി ടി തുകയായ 16,18,630/- രൂപ '2014-00-114-99-21-01-purchase of vehicles' എന്ന ശീർഷകത്തിൽ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്നും അഡ്വക്കേറ്റ് ജനറൽ കാര്യാലയം 10-03-2022 തീയതിയിലെ PRS-1/8722/2022 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

3. ധനകാര്യ (രഹസ്യ) വകുപ്പിന്റെ 09-11-2021 തീയതിയിലെ സ.ഉ.(കൈ) നം.130/2021/ധനം നമ്പർ ഉത്തരവിലെ വ്യയ നിയന്ത്രണ നിർദ്ദേശം ഇപ്പോഴും നിലനിൽക്കുന്നതിനാൽ ആയതിൽ ഇളവ് നൽകി വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് അഭിപ്രായം നൽകുന്നതിനും, ടി തുക "2014-00-114-99-21-01-Purchase of vehicles" എന്ന ശീർഷകത്തിൽ അധിക തുകയായി അനുവദിക്കുന്നതിനുമായി പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന് 17-03-2022 തീയതിയിൽ കൈമാറിയിരുന്നതും ധനകാര്യ (വ്യയം-എ) വകുപ്പ് 24-03-2022 തീയതിയിൽ 2029488:EXP-A4/143/2022-Fin നമ്പരായി താഴെ പറയും പ്രകാരം അഭിപ്രായം നൽകിയിട്ടുള്ളതുമാണ്:-

"കേവലം അഞ്ച് വർഷം പോലും പൂർത്തീകരിക്കാത്ത 86000 കി.മി മാത്രം ഓടിയിട്ടുള്ള KL-07-CK-1509 (Toyota Altis) എന്ന വാഹനം മാറ്റി പുതിയത് വാങ്ങണം എന്ന ആവശ്യം അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും വാഹനത്തിനു എന്തെങ്കിലും സാങ്കേതിക

തകരാറുകൾ ഉണ്ടെങ്കിൽ ആയത് PWD മെക്കാനിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പ്രസ്തുത വാഹനം ഉപയോഗിക്കുന്നത് uneconomical ആണ് എങ്കിൽ മാത്രം അപ്രകാരം PWD യുടെ സർട്ടിഫിക്കറ്റ് സഹിതം പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

4. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഫയൽ കൈമാറിയിരുന്നതും ധനകാര്യ (വ്യയം-എ) വകുപ്പ് 12..05.2022 തീയതിയിൽ 2029488:EXP-A4/143/2022-Fin നമ്പരായി താഴെ പറയും പ്രകാരം അഭിപ്രായം നൽകിയിട്ടുള്ളതാണ്.-

" AD is informed that the proposal is deferred.

This has the approval of Hon'ble Minister(Finance)".

5. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ബഹു. നിയമ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പ്രസ്തുത അഭിപ്രായം ബഹു.അഡ്വക്കേറ്റ് ജനറലിനെ അറിയിക്കാവുന്നതുമാണോ എന്നതിൽ ഉത്തരവിനുമായി ഫയൽ ബഹു. നിയമവും, വ്യവസായവും കയറും വകുപ്പ് മന്ത്രി മുമ്പാകെ ചംക്രമണം ചെയ്തപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ ആവശ്യം പരിഗണിയ്ക്കാവുന്നതാണെന്ന് ബഹു. നിയമ മന്ത്രി ശിപാർശ ചെയ്തിരുന്നതും ആയത് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 03.06.2022 തീയതിയിൽ ഉത്തരവായിട്ടുള്ളതും ആണ്.

## <u>തീരുമാനിക്കേണ്ട സംഗതി</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ.ഗോപാലകൃഷ്ണ കുറുപ്പിന്റെ നിലവിലെ ഔദ്യോഗിക വാഹനത്തിന് പകരം പുതിയ Toyota Innova Crysta 16,18,630/- (പതിനാറു ലക്ഷത്തി പതിനെണ്ണായിരത്തി അറുന്നൂറ്റി മുപ്പതു രൂപ മാത്രം) ചെലവിൽ M/s Toyota Kirloskar Motor Pvt. Ltd-ൽ നിന്നും വാങ്ങുന്നതിനായി അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കാവുന്നതാണോ?.